**പതിമൂന്നാം കേരള നിയമസഭ**
**14-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.305** **08/06/2015-ൽ മറുപടിയ്ക്ക്**

**വൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ. എസ്.ശർമ്മ** | | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി** |
| (എ) വൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ പരിസ്ഥിതി ആഘാത പഠനറിപ്പോർട്ട്, പാരിസ്ഥിതിക അനുമതി എന്നിവ ലഭിക്കുന്നതിനായി സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ലഭിച്ച തീയതിയും സ്വീകരിച്ച നടപടിയും വിശദീകരിക്കാമോ ;<br><br>(ബി) ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) യും (ബി) യും | ഉണ്ട്. 06.05.2014-ൽ അപേക്ഷ ലഭിച്ചു. പാരിസ്ഥിതിക അനുമതിക്കുള്ള അപേക്ഷ 2014 ജൂൺ 6,7 തീയതികളിൽ നടത്തിയ സംസ്ഥാനതല വിദഗ്ധ സമിതിയുടെ 30-ാമത് യോഗത്തിൽ അവലോകനം ചെയ്യുകയും തീരദേശ പരിപാലന ചട്ട പ്രകാരമുള്ള ശിപാർശയുൾപ്പെടെ 15 കാര്യങ്ങളിൽ വിശദീകരണം തേടുകയും ചെയ്തു. 03.11.2014 മുതൽ 19.03.2015 വരെ സംസ്ഥാനത്ത് പാരിസ്ഥിതിക അവലോകന നിർണ്ണയ അതോറിറ്റി നിലവിലില്ലാതിരുന്നതിനാൽ ഇത്തരം അപേക്ഷകൾ പരിഗണിക്കാനായില്ല. 05.06.2014-ൽ സർവ്വേ നമ്പരിലുണ്ടായ പിശക് പരിഗണിക്കാനായുള്ള ഒരു കത്തല്ലാതെ ഇക്കാര്യത്തിൽ അപേക്ഷകരായ 'ഫിർമ' യിൽ നിന്ന് വിശദീകരണമൊന്നും ലഭിച്ചിട്ടില്ല. എന്നിരിക്കിലും അപേക്ഷ 2015 മേയ് 28, 29 തീയതികളിൽ നടന്ന വിദഗ്ധ അവലോകന സമിതിയുടെ 40-ാമത് യോഗത്തിൽ പരിഗണിയ്ക്കുകയുണ്ടായി. തീരുമാനം ആയിട്ടില്ല. |
| (സി) ഫിർമ O.C.M/2007/ തീയതി 11.04.2014 പ്രകാരമുള്ള കത്തിന് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ് മെന്റ് അതോറിറ്റി ഫിഷറീസ് വകുപ്പിനു മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ മറുപടിയുടെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ